പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1757 06.03.2017-ലെ മറുപടിക്ക്

## പാലോട്, വെഞ്ഞാറമൂട് ഡിപ്പോകളിൽ പുതുതായി ബസ് അനുവദിക്കൽ

ചോദ്യം
ശ്രീ. ഡി.കെ. മുരളി

ഉത്തരം
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട്, വെഞ്ഞാറമൂട് ഡിപ്പോകളിൽ പുതിയതായി ബസ് അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ഉണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലോട് ഡിപ്പോയ്ക്ക് പുതിയ മൂന്നും, വെഞ്ഞാറമൂട് ഡിപ്പോയ്ക്ക് ഒരു പുതിയ ബസും രണ്ട് പഴയ ബസും അനുവദിച്ചിട്ടുണ്ട്. പാലോട് ഡിപ്പോയ്ക്ക് പഴക്കം ചെന്ന ഫാസ്റ്റ് പാസഞ്ചർ ബസുകൾ മാറ്റുന്നതിനും വെഞ്ഞാറമൂട് ഡിപ്പോയ്ക്ക് ബസുകളുടെ കുറവ് പരിഹരിക്കുന്നതിനുമായാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ഏതെങ്കിലും ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | പാലോട് നാല് ഷെഡ്യൂളുകളും, വെഞ്ഞാറമൂട് നാല് ഷെഡ്യൂളുകളും നിർത്തലാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>**പാലോട് യൂണിറ്റിൽ നിന്നും റദ്ദ് ചെയ്ത ഷെഡ്യൂളുകൾ**<br>1. 0550 മണി പാലോട് - മീൻമുട്ടി<br>2. 0600 മണി പാലോട് - സൂര്യകാന്തി<br>3. 0730 മണി പാലോട് - വെള്ളയം ദേശം<br>4. 0630 മണി പാലോട് - തെന്നൂർ (ജൻറം)<br><br>**വെഞ്ഞാറമൂട് യൂണിറ്റിൽ നിന്നും റദ്ദ് ചെയ്ത ഷെഡ്യൂളുകൾ**<br>1. 0450 മണി വെഞ്ഞാറമൂട്-വെമ്പായം-തിരുവനന്തപുരം<br>2. 0520 മണി വെഞ്ഞാറമൂട്-മേലാറ്റുമൂഴി-വാമനപുരം<br>3. 0530 മണി വെഞ്ഞാറമൂട്-തിരുവനന്തപുരം<br>4. 0620 മണി വെഞ്ഞാറമൂട്-ചെമ്പൻകോട് |

| | | | |
|---|---|---|---|
| (സി) | ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ കാരണം അറിയിക്കുമോ; | (സി) | ബസുകളുടെ ലഭ്യതക്കുറവ് മൂലമാണ് ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുള്ളത്. |
| (ഡി) | നിർത്തലാക്കിയ ഷെഡ്യൂളുകൾ പുന:സ്ഥാപിക്കുമോ? | (ഡി) | ആവശ്യമായ ബസ് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ